ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ

193 (560) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ ;

(ബി) ഇതുമൂലം 2015-16 സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ വിറ്റുവരവുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) നടപ്പു സാമ്പത്തിക വർഷം റിബേറ്റ് മുഖേന എത്ര തുക സംസ്ഥാനത്തിനകത്തുള്ള വിവിധ യൂണിറ്റുകൾക്ക് നൽകിയെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ഇനത്തിൽ കുടിശ്ശിക നിലവിലുണ്ടോ ?

ഉത്തരം

(എ&ബി) കേരള ഖാദിഗ്രാമവ്യവസായ ബോർഡ് ഖാദി ഗ്രാമവ്യവസായ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നില്ല.

(സി) 2015-16-ൽ 22.13 കോടി രൂപ വിവിധ ഖാദി യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുണ്ട്. 2015-16-ലെ വിൽപ്പനയിന്മേലുള്ള റിബേറ്റ് കുടിശ്ശികയായിട്ടുണ്ട്.

സ്റ്റാർട്ടപ്പ് സംരംഭങ്ങൾ

194 (561) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12-5-2015-ലെ സ.ഉ.(കൈ) 14/2015/ഐ.ടി.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിലെ യുവതി/യുവാക്കളെ ശാസ്ത്രസാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത പോളിസിയാണ് കേരളാ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ടപ്പ് കമ്പനികളെ വളർത്തിയെടുക്കുകയുമാണ് ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കേരളാ സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രാവർത്തികമാകാൻ സാദ്ധ്യതയുള്ള ഒരു ആശയവുമായി സമീപിക്കുന്ന സംരംഭകർക്ക് പ്രീ ഇൻകുബേഷന് അവസരം നൽകുകയും മുന്നോട്ട് പോകാൻ കഴിയുമെന്ന് കരുതുന്നവർക്ക് ഇൻകുബേഷനുള്ള അവസരം നൽകി പൂർണ്ണതോതിലുള്ള കമ്പനിയാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക പരിജ്ഞാനവും ഉപദേശവും കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകിവരുന്നു. ഇതിനകം 220 ഓളം സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പൂർത്തിയാക്കി. അതിൽ പലതും വിജയകരമായി പ്രവർത്തിച്ചുവരുന്നു. 41 സംരംഭകർക്ക് ഇപ്പോൾ ഇൻകുബേഷൻ നൽകി വരികയുമാണ്. ഇത്തരത്തിൽ സൗകര്യങ്ങൾ നൽകി കൂടുതൽ സംരംഭകരെ ഈ മേഖലയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടർന്നുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം യുവസംരംഭക പദ്ധതിക്കായി 30 കോടി രൂപയുടെയും ടെക്നോളജി ഇന്നവേഷൻ സോണിനായി 50 കോടി രൂപയുടെയും ഭരണാനുമതി നൽകുകയും ടി പദ്ധതികൾക്കായി യഥാക്രമം 5 കോടി രൂപയും 25 കോടി രൂപയും ഇതിനോടകം അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

കെ.എം.എം.എൽ.-ന്റെ പ്രവർത്തന പുരോഗതി

195 (562) ശ്രീ. എം. എ. ബേബി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എം.എം.എൽ.-ന്റെ ശേഷിക്കനുസരിച്ച് പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതിന് വിഘാതമാകുന്ന എന്തെല്ലാം കാരണങ്ങൾ ഉണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ക്രിയാത്മകമായ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly